(ഇ) ലോകവ്യാപാര സംഘടനയുമായുള്ള കരാർ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ശ്രീലങ്കയിൽനിന്ന് വെളിച്ചെണ്ണയും, കൊപ്രായും ഇന്ത്യയിലേക്ക് വരുമ്പോൾ സംസ്ഥാനത്തുള്ള കേരകർഷകരെ ഈ രംഗത്തുള്ള മത്സരത്തെ അഭിമുഖീകരിക്കുവാൻ പര്യാപ്തമാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്?

ഉത്തരം

(എ) 1996-97-ന്റെ സ്റ്റാറ്റിസ്റ്റിക്കൽ കണക്കനുസരിച്ച് 9,02,104 ഹെക്ടർ സ്ഥലത്ത് കേരളത്തിൽ തെങ്ങ് കൃഷി ചെയ്യുന്നു.

(ബി) 1996-ൽ നടത്തിയ സർവ്വേ അനുസരിച്ച് 1,22,857.14 ഹെക്ടർ സ്ഥലത്ത് തെങ്ങുകൾക്ക് കാറ്റുവീഴ്ചരോഗം ബാധിച്ചിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. മണ്ഡരി കീടബാധയുടെ സ്ഥലവിസ്തൃതി അടിസ്ഥാനമാക്കിയ കൃത്യമായ കണക്കുശേഖരിച്ചു വരുന്നു. ഉദ്ദേശം 21% തെങ്ങുകളെ ബാധിച്ചിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) മണ്ഡരി കീടബാധ : കേരള കാർഷിക സർവ്വകലാശാല നടത്തിയ പരീക്ഷണങ്ങളിൽ 0.1% വീര്യമുള്ള ഡൈക്കോഫോൾ, 2% വീര്യമുള്ള വേപ്പെണ്ണ, വെളുത്തുള്ളി മിശ്രിതം എന്നിവ മണ്ഡരി കീടബാധയെ നിയന്ത്രിക്കുന്നതിന് ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സർക്കാർതല ഉന്നതതല കമ്മിറ്റി അംഗീകരിച്ചിട്ടുള്ള ഈ രാസജൈവ കീടനാശിനികളാണ് കൃഷിവകുപ്പ് മണ്ഡരി കീടബാധയ്ക്കെതിരെ ഉപയോഗിക്കുവാൻ ശുപാർശ ചെയ്യുന്നത്.

കാറ്റുവീഴ്ച : മെച്ചപ്പെട്ട കൃഷിമുറകൾ അനുവർത്തിച്ച് തെങ്ങിന്റെ ആരോഗ്യം നിലനിർത്തി ഉൽപ്പാദനക്ഷമത നിലനിർത്താനും വർദ്ധിപ്പിക്കുവാനും മാത്രമേ സാധിച്ചിട്ടുള്ളൂ. ലോകത്തൊരിടത്തും തന്നെ ഇതിന് പ്രതിവിധി കണ്ടെത്തിയതായി അറിവില്ല.

(ഡി) മണ്ഡരി കീടബാധയ്ക്കെതിരെ മുകളിൽ പരാമർശിച്ച രാസജൈവ കീടനാശിനികളിൽ ഏതെങ്കിലും ഒന്ന് ഉപയോഗിച്ച് മരുന്നു തളിക്കുന്നതിന് മരുന്നിന്റെ വിലയും കൂലിച്ചെലവും അടക്കം 6 രൂപ കൃഷിവകുപ്പും, കൂടാതെ കൂലിച്ചെലവിനായി തെങ്ങൊന്നിന് 3 രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കർഷകർക്ക് നൽകുന്നതാണ്. ഇതിലേക്കായി കൃഷിവകുപ്പ് 18 കോടി രൂപ ജില്ലകൾക്ക് നൽകിക്കഴിഞ്ഞു.

(ഇ) തെങ്ങിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചും, നാളികേരത്തിന്റെ വൈവിദ്ധീകരണം പ്രാവർത്തികമാക്കിയും കർഷകന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണനയിൽ ഉണ്ട്.

103 (392) തിരുവനന്തപുരം നഗരപ്രദേശത്തെ തെങ്ങുകളുടെ മണ്ഡരി രോഗബാധ

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം നഗരസഭാ പ്രദേശത്ത് ഏതൊക്കെ സ്ഥലങ്ങളിൽ തെങ്ങുകൾക്ക് മണ്ഡരിരോഗം ബാധിച്ചിട്ടുണ്ടെന്ന് കൃഷിവകുപ്പ് വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ രോഗത്തെ പ്രതിരോധിച്ച് കേര കർഷകരെ സഹായിക്കുന്നതിനായി കൃഷി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അതിന്റെ നടത്തിപ്പിന്റെ ചുമതല ആർക്കാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭാ പ്രദേശത്തെ പരുത്തിപ്പാറ, കേശവദാസപുരം, ശാസ്തമംഗലം, അമ്പലത്തറ, കുമാരപുരം, പൂജപ്പുര, പി.ടി.പി. നഗർ, പേരൂർക്കട, കവടിയാർ എന്നീ സ്ഥലങ്ങളിൽ മണ്ഡരി കീടബാധ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) മണ്ഡരി കീടബാധയ്ക്കെതിരെ മരുന്നുതളി നടപ്പിലാക്കുന്നതിന് മരുന്നിന്റെ വിലയും കൂലിച്ചെലവും അടക്കം തെങ്ങൊന്നിന് 6 രൂപ കൃഷി വകുപ്പും 3 രൂപ പഞ്ചായത്തും മുനിസിപ്പൽ കോർപ്പറേഷനും നൽകിവരുന്നു. മരുന്നുതളിയുടെ ചുമതല പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനുമായിരിക്കും.

104 (393) മണ്ഡരിരോഗം തടയാൻ നടപടി

ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ. സുധാകരൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരിരോഗം ഒരു പ്രശ്നമല്ലെന്നും ബോംബെ ലോബിയുടെ സൃഷ്ടിയാണെന്നും ഗവൺമെന്റ് കരുതുന്നുണ്ടോ;

(ബി) മരുന്നു തളിക്കാതെ തന്നെ മണ്ഡരിരോഗം മാറുമെന്ന് ഗവൺമെന്റ് വിശ്വസിക്കുന്നുണ്ടോ;

(സി) എങ്കിൽ മണ്ഡരി രോഗപ്രതിരോധത്തിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നതും ചെലവു ചെയ്യുന്നതും എന്തിനുവേണ്ടിയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ കേരളത്തിൽ വെളിച്ചെണ്ണയുൽപ്പാദനം കുറഞ്ഞുവെന്ന് വരുത്തിത്തീർത്ത് വെളിച്ചെണ്ണ ഇറക്കുമതിക്ക് കളമൊരുക്കുവാൻ എണ്ണലോബി ശ്രമിക്കുന്നുവെന്ന ഒരു അഭിപ്രായം ഉണ്ടായിട്ടുണ്ട്.

(ബി) ഇല്ലെന്നു മാത്രമല്ല മണ്ഡരിനാശിനി തളിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly